## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.2016 — 07/03/2017-ൽ മറുപടിക്ക്

### ഒറ്റപ്പാലത്ത് ഫയർസ്റ്റേഷൻ

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) ഒറ്റപ്പാലത്ത് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് എന്നാണ് തീരുമാനമെടുത്തത്; വിശദാംശം ലഭ്യമാക്കാമോ; | എ) പതിനൊന്നാം ധനകാര്യ കമ്മീഷൻ തുക ഉപയോഗിച്ച് ഒറ്റപ്പാലത്ത് ഫയർ ആന്റ് റെസ്ക്യു സ്റ്റേഷൻ തുറക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിരുന്നു. 11/05/2007ലെ ജി.ഒ.(ആർ.ടി) നം.1282/2007/ആഭ്യന്തരം ഉത്തരവ് പ്രകാരം പുതുതായി തുറന്നു പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടിക അംഗീകരിച്ച് ഉത്തരവായിട്ടുള്ളതിൽ ക്രമ നം.5 ആയി ഒറ്റപ്പാലം ഉൾപ്പെടുത്തിയിരുന്നു. |
| ബി) ഒറ്റപ്പാലം ഫയർസ്റ്റേഷനു വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ എത്ര തുക എന്ന് വകയിരുത്തി എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ? | ബി) 2016-2017 ലെ ബഡ്ജറ്റിൽ "4059-60-051-85" എന്ന ശീർഷകത്തിൽ ഒറ്റപ്പാലം ഫയർ സ്റ്റേഷന്റെ നിർമ്മാണത്തിന് 1,01,000/-രൂപ വകകൊള്ളിച്ചിട്ടുണ്ട്. |
| സി) ഒറ്റപ്പാലത്തും പരിസരപ്രദേശങ്ങളിലും തീപിടിത്തം വ്യാപകമാവുന്ന കാര്യവും തീ അണയ്ക്കുന്നതിനുള്ള സംവിധാനം ഫലപ്രദമല്ല എന്ന ആക്ഷേപവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | സി) ഒറ്റപ്പാലത്തും പരിസര പ്രദേശങ്ങളിലും തീപിടുത്തം ഉണ്ടാകുന്ന അവസരങ്ങളിൽ ഷൊർണ്ണൂർ അഗ്നി രക്ഷാ നിലയത്തിൽ നിന്നും രക്ഷാ പ്രവർത്തനം നടത്തി വരുന്നുണ്ട് തീ അണയ്ക്കുന്നതിനുള്ള സംവിധാനം ഫലപ്രദമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ